പതിമൂന്നാം കേരള നിയമസഭ

ഒൻപതാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2724 — 20.06.2013ൽ മറുപടിയ്ക്ക്

'ഇഫ്ലൂ' സർവ്വകലാശാല കേന്ദ്രം സ്ഥാപിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ഉന്നത.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ 'ഇഫ്ലൂ' സർവ്വകലാശാലാ കേന്ദ്രം സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | എ ഹൈദരാബാദിലെ ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ ഒരു ഓഫ് കാമ്പസ് കേരളത്തിൽ ആരംഭിക്കുവാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 22.03.2012 ലെ ജി.ഒ (എം.എസ്) നം.95/12 ഉ.വി.വ ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിൽ ഒരു കാമ്പസ് സ്ഥാപിക്കുവാൻ കെ.എസ്.ഐ.ഡി.സി ഇങ്കൽ സംയുക്ത സംരംഭമായ 'ഇംകിഡ്' ന്റെ പക്കൽ നിന്ന് 75 ഏക്കർ ഭൂമിയും പൊതു ആവശ്യത്തിനായി മറ്റൊരു 25 ഏക്കർ ഭൂമിയും പങ്കിടാനും തീരുമാനിക്കുകയുണ്ടായി. 10.03.2013 ന് ഇതു സംബന്ധിച്ച ധാരണാപത്രം കൈമാറുകയുണ്ടായി. |
| ബി ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി പ്രസ്തുത സർവ്വകലാശാലയിൽ ഇംഗ്ലീഷ് ഭാഷയും സാഹിത്യത്തിനും പുറമെ അമേരിക്കൻ ആന്റ് കരീബിയൻ ലിറ്ററേച്ചർ, മീഡിയ ആന്റ് |

| | | | |
|---|---|---|---|
| | | | മാസ് കമ്മ്യൂണിക്കേഷൻ, ഫിലിം സ്റ്റഡീസ് ആന്റ് വിഷ്വൽ കമ്മ്യൂണിക്കേഷൻ, ഹിന്ദി ആന്റ് ഇന്ത്യൻ സ്റ്റഡീസ്, അറബിക്, പേർഷ്യൻ, ചൈനീസ്, ജർമ്മൻ, ഫ്രഞ്ച്, റഷ്യൻ, ഇറ്റാലിയൻ സ്റ്റഡീസ് തുടങ്ങി അനേകം പഠന വിഷയങ്ങളുണ്ട്. |
| സി | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; | സി | ഇതുമായി ബന്ധപ്പെട്ട് മറ്റ് ഏജൻസികൾ ഒന്നും തന്നെ സഹകരിക്കുന്നില്ല. |
| ഡി | ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ? | ഡി | ബാധകമല്ല. |

സെക്ഷൻ ഓഫീസർ